LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 18, വെള്ളി

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

നിയമസഭ 2005 മാർച്ച് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യം 509

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി

*1 [509] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
„ ടി. പി. രാമകൃഷ്ണൻ:
„ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നടപ്പ് പദ്ധതികളുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച വിവരം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ധനസഹായ വിതരണത്തിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) വ്യാജ കൈവശ രേഖയുണ്ടാക്കി ആരെങ്കിലും ധനസഹായം കൈപ്പറ്റിയതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ,

(എ) ഉണ്ട്.

(ബി) പട്ടികജാതിക്കാർക്കായി 2001 മുതൽ അനുവദിച്ച വീടുകളെ സംബന്ധിച്ച വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.† നടപ്പു സാമ്പത്തിക വർഷം 3000 വീടുകൾ നിർമ്മിക്കുന്നതിനായി ഒൻപത് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചു. പട്ടികവർഗ്ഗക്കാർക്ക് 2000 മുതൽ 2003 വരെയും നടപ്പു വർഷവും ഭവന നിർമ്മാണ ധനസഹായം പുതിയ വീടുകൾക്കായി അനുവദിച്ചിട്ടില്ല. എന്നാൽ 2003-04 വർഷത്തിൽ വയനാട് ജില്ലയിൽ 20 വീടുകളുടെ നിർമ്മാണത്തിന് ഗ്രാന്റ് അനുവദിച്ചിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇനിയും 1270 വീടുകൾക്ക് ധനസഹായം അനുവദിക്കാനുണ്ട്.

(സി) പട്ടികജാതിക്കാർക്ക് നൽകിയ ധനസഹായ വിതരണത്തിൽ ചില ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ദേവികുളം, നെടുങ്കണ്ടം, പാലക്കാട് എന്നീ ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ദേവികുളം പട്ടികജാതി വികസന ഓഫീസിലെ ശിപായിയേയും സസ്പെന്റു ചെയ്തു. എസ്.സി. പ്രൊമോട്ടർമാരുടെ സേവനം അവസാനിപ്പിച്ചു. ദേവികുളം ബ്ളോക്കിലെ ക്രമക്കേടു സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി വരുന്നു. പാലക്കാട് ബ്ളോക്കിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. അഴുത ബ്ളോക്കിലെ പട്ടികജാതി വികസന ഓഫീസർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് വീടുകൾ അനുവദിച്ചതിൽ ചില മേഖലകളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് മന്ത്രി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഈ വകുപ്പിലെ ചില ഉദ്യോഗസ്ഥർ—പ്രൊമോട്ടർമാർ ഉൾപ്പെടെ—ഇത്തരം ക്രമക്കേടുകളിൽ

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളികളാണെന്നും മന്ത്രി പറഞ്ഞു. ഒരു പ്രധാനപ്പെട്ട പ്രശ്നം എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾക്കു വേണ്ടി കോടിക്കണക്കിനു രൂപ വിനിയോഗിക്കുന്നുണ്ടെങ്കിലും അവർക്ക് വാസയോഗ്യമായ വീടുകൾ എന്ന കാഴ്ചപ്പാട് നടപ്പിലാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടിരിക്കുകയാണ്. അതിനെന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനു കഴിയുമോ? അതുപോലെ എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ സെലക്ടു ചെയ്യുന്നത് ജില്ലാ തലത്തിലുള്ള കമ്മിറ്റിയാണ്. അതിൽത്തന്നെ 30 ശതമാനം മാറ്റി വയ്ക്കുകയാണ്. ആ 30 ശതമാനം കൂടി കമ്മിറ്റി തന്നെ തീരുമാനിച്ചു നൽകുന്നതല്ലേ കൂടുതൽ ഉചിതം. ഇക്കാര്യത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, പട്ടികജാതി വികസന വകുപ്പ് നൽകുന്ന വീടുകളുടെ കാര്യത്തിൽ ചില ഒറ്റപ്പെട്ട പരാതികൾ ഉണ്ടായിട്ടുണ്ട്. അതു ഞാൻ ഇവിടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. വ്യക്തമായിത്തന്നെ അത്തരം കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 30 ശതമാനമെന്ന് പറയുന്നത് കമ്മിറ്റിയാണ് തെരഞ്ഞെടുക്കുന്നത്. ലഭിക്കുന്ന അപേക്ഷകളിൽനിന്ന് ഏറ്റവും പ്രയാസം അനുഭവിക്കുന്ന വിഭാഗങ്ങൾക്കാണ് അതു നൽകുന്നത്. കഴിഞ്ഞ കാലങ്ങളിൽ അത്തരം ആളുകൾക്ക് ലഭിക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ 30 ശതമാനം ഈ രീതിയിൽ നൽകുവാൻ തീരുമാനിച്ചത്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, നേരത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ചില സമുദായങ്ങളെ പിന്നീട് കേന്ദ്രഗവൺമെന്റ് പട്ടികവിഭാഗത്തിൽ നിന്നും ഒഴിവാക്കിയ ഒരു പ്രശ്നമുണ്ടായിരുന്നു. കാസർകോട് ജില്ലയിലെ മറാട്ടി വിഭാഗത്തെ അപ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. അവർ എസ്.ടി. ആയിരുന്നിട്ടും ഒന്നും രണ്ടും ഗഡുക്കൾ ഇപ്രകാരം ഈ വീടുകൾക്കുവേണ്ടി നൽകി. അപ്പോഴാണ് അവരെ ആ സമുദായത്തിൽ നിന്നും മാറ്റിയത്. ഒന്നും രണ്ടും ഗഡുക്കൾ കൊടുത്തതിനുശേഷം മൂന്നാമത്തെയും നാലാമത്തെയും ഗഡു കിട്ടാതെ വീടുകൾ പൂർത്തിയാകാതെ കിടക്കുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതു കൊടുക്കുന്ന സമയത്ത് മറാട്ടി വിഭാഗത്തിൽപ്പെട്ട ആളുകളെ പട്ടിക വർഗ്ഗ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരുന്നത്. പക്ഷേ പിന്നീട് അതിൽ മാറ്റം വന്നു. എന്തായാലും നിലവിൽ ഒന്നും രണ്ടും ഗഡുക്കൾ ലഭിച്ച മറാട്ടി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മുഴുവൻ, വീടുകൾ പൂർത്തീകരിക്കാനുള്ള ധനസഹായം പട്ടിക വർഗ്ഗ വിഭാഗത്തിനനുവദിച്ചിട്ടുള്ളതിൽനിന്നും നൽകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും പ്രധാനമായും അനുഭവിക്കുന്ന പ്രയാസമെന്നു പറയുന്നത് വാസയോഗ്യമായിട്ടുള്ള പാർപ്പിടം ഇല്ലെന്നുള്ളതു തന്നെയാണ്. അതിനുവേണ്ടി തന്നെയാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി നടപ്പിലാക്കിയത്. അതു പൂർണ്ണമായും വിജയിച്ചിട്ടില്ല. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇനി എസ്.സി. എസ്.ടി. ജനവിഭാഗങ്ങളിൽ, വാസയോഗ്യമായിട്ടുള്ള പാർപ്പിടം ഇല്ലാത്തവരുണ്ടോ എന്നുള്ളതു സംബന്ധിച്ച് ഒരു സർവ്വേ നടത്തി അവശേഷിക്കുന്ന ആളുകൾക്ക് സമയബന്ധിതമായി പാർപ്പിടം നൽകാൻ വേണ്ടിയുള്ള ഒരു സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നുള്ളത് തന്നെയാണ്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം വീടുകൾ നൽകുക എന്നുള്ളതാണ്. നിലവിലുള്ള കണക്കനുസരിച്ച് കഴിഞ്ഞ വർഷം നടത്തിയ ഒരു സെൻസസ് പ്രകാരം വീടുകൾ ഇല്ലാത്ത 49,000-ൽ അധികം കുടുംബങ്ങൾ ഇപ്പോഴും കേരളത്തിലുണ്ടെന്നാണ് ഒരു ഏകദേശ കണക്ക്. അവർക്ക് എത്രയും പെട്ടെന്ന് വീടുകൾ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് മുൻകൈ എടുക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതുപോലെത്തന്നെ കൊടുക്കുന്ന വീടുകളുടെ കാര്യത്തിൽ കൃത്യമായി പണി പൂർത്തീകരിക്കുന്നുണ്ടോ അതിൽ വല്ല തട്ടിപ്പോ അഴിമതിയോ ക്രമക്കേടുകളോ നടക്കുന്നുണ്ടോ എന്നുള്ളതു സംബന്ധിച്ച് സമഗ്രമായ ഒരു പരിശോധന ഇപ്പോൾ നടക്കുന്നില്ല. അത്തരമൊരു പരിശോധന നടത്തുന്നതിനുവേണ്ടി, പഞ്ചായത്തു തലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഗഡുക്കളായിട്ടാണ് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്നത്. അങ്ങനെ കൊടുത്തു കൊണ്ടിരിക്കുന്നത് നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ വച്ച് മോണിറ്ററിംഗ് നടത്തുന്നുണ്ട്. അതു അപര്യാപ്തമാണെന്നു തോന്നുകയാണെങ്കിൽ തീർച്ചയായും അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, വയനാട് ജില്ലയിൽ ആദിവാസികൾക്ക് കഴിഞ്ഞ വർഷം അനുവദിച്ച വീടുകളിൽ, ഗുണഭോക്താക്കളെ ഒഴിവാക്കി സന്നദ്ധ സംഘടനകളെ വച്ച് അതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടത്തുന്ന ശ്രമം വ്യാപകമായ അഴിമതിക്ക് വഴിവച്ചിട്ടുണ്ടെന്നും ഇപ്പോഴും ആ പ്രദേശത്തെ ആദിവാസികളുടെ വീടുകളുടെ പണി പൂർത്തിയായിട്ടില്ല എന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു പൂർത്തീകരിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: സർ, കഴിഞ്ഞ വർഷം ആദിവാസികൾക്കായിട്ട് സുൽത്താൻബത്തേരിയിൽ മാത്രമാണ് വീടുകൾ കൊടുത്തത്. സുൽത്താൻബത്തേരിയിൽ 20 വീടുകൾ അനുവദിച്ചു നൽകിയിരുന്നു. അതിനുമുമ്പ് നൽകിയ വീടുകളുടെ പണി ഒന്നും രണ്ടും ഘട്ടം കഴിഞ്ഞ് മൂന്നാം ഘട്ടവും നാലാം ഘട്ടവും പണി പൂർത്തീകരിക്കാൻ ആകാത്തതുണ്ട്. അത്തരം വീടുകളുടെ കാര്യങ്ങളിൽ പെട്ടെന്ന് പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചു വരുന്നു.

ശ്രീ. എ. സി. മൊയ്തീൻ: പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവരും ആ വിഭാഗത്തിൽത്തന്നെ ഏറ്റവും കൂടുതൽ ദുർബലരും ദുരിതം അനുഭവിക്കുന്നവരുമായ നായാടി, വേട്ടുവൻ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കഴിഞ്ഞ രണ്ടു വർഷമായി ഫണ്ട് അനുവദിച്ചിട്ടില്ല. ഈ വർഷം 10 ലക്ഷം രൂപ അതിനുവേണ്ടി നീക്കി വച്ചിട്ടുണ്ടെന്നു പറയുന്നു. ഈ വിഭാഗത്തിന് അർഹമായ പരിഗണന നൽകി എത്ര ആളുകൾക്ക് വീടുകൾ കൊടുക്കാനുണ്ടെന്നുള്ള കാര്യം സർവ്വേ നടത്തി പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷവും അതിനു മുമ്പത്തെ വർഷവും, എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടു നൽകുവാനുള്ള പദ്ധതി വിഹിതം നൽകിയിട്ടുണ്ട്. അതവർക്ക് കൊടുത്തു വരുന്നുമുണ്ട്. മോസ്റ്റ് ബാക്കുവേർഡ് ആയിട്ടുള്ള ആളുകൾക്ക് കൂടുതൽ സഹായം നൽകുക എന്നുള്ളതുകൊണ്ടാണ് വീടുകളുടെ കാര്യത്തിൽ സെലക്ഷൻ നിർണ്ണയിക്കുമ്പോൾ നൂറു ശതമാനവും നറുക്കിട്ടെടുക്കാതെ 30 ശതമാനം ഈ രീതിയിൽ വേണമെന്ന് ആലോചിച്ചത്. ഏറ്റവും ദുർബ്ബലരായിട്ടുള്ള ആളുകളെ സഹായിക്കാൻ വേണ്ടി ഈ വിഭാഗത്തിൽ എത്രയാളുകൾ ഉണ്ട്, എത്ര പേർക്ക് കിട്ടാനുണ്ട് എന്നുള്ളതിനെക്കുറിച്ച് സെൻസസ് നടത്തി തീർച്ചയായും ആ വിഭാഗത്തിന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകും.

ശ്രീ. എ. കെ. മണി: സർ, 49,000 ആളുകൾക്ക് ഇനിയും വീടുകൾ കൊടുക്കാനുണ്ടെന്നിരിക്കെ, ഇനി ഒരു വർഷം മാത്രമേയുള്ളൂ. ഈ വർഷം രണ്ടായിരം വീടുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇനിയും വീടുകൾ ധാരാളം കൊടുക്കാനുണ്ട്. രണ്ടായിരം വീടുകൾ അനുവദിച്ചിട്ടുള്ളതിൽത്തന്നെ ആദ്യത്തെ ഗഡു കൊടുക്കുവാനുള്ള സമയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാരണം മാർച്ച് ആകുമ്പോൾ അതിന്റെ കാലാവധിയും തീരും. എന്റെ ചോദ്യം രണ്ടാം ഗഡു കൊടുക്കുന്നതിനേക്കാൾ ആ ഫണ്ട് അനുവദിച്ച് പതിനായിരം വീടുകൾ കൊടുക്കുവാൻ വേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ എന്നാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, മൂവ്വായിരം വീടുകൾ കൊടുക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. രണ്ടായിരം വീടുകൾക്കുകൂടി ഈ മാർച്ച് 31-നകം തന്നെ സെലക്ഷൻ നടത്തിക്കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. പി. നാരായണൻ: പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്നത് യാത്രാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലാണ്. യാത്രാ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനും അവിടെ അസംസ്കൃത സാധനങ്ങൾ എത്തിക്കുന്നതിനും വളരെയധികം കൂലിച്ചെലവ് അനുഭവപ്പെടുന്നുണ്ട്. കിട്ടുന്ന പണം യഥാർത്ഥത്തിൽ വീടുവയ്ക്കാൻ തികയാതെ വരുന്നു. അങ്ങനെ തികയാതെ വരുന്നതിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി പട്ടികജാതിക്കാർക്കുവേണ്ടി വീടിന് അനുവദിച്ച തുകയുടെ ഗ്രാന്റ് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ആദിവാസി മേഖലയിൽപ്പെട്ട ആളുകൾ അധികവും താമസിക്കുന്നത് ഇത്തരം പ്രദേശങ്ങളിലാണ്. 70,000 രൂപയാണ് വീടിന് നൽകുന്നത്. പക്ഷെ ഉള്ളിലോട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ പ്രയാസം കണക്കിലെടുത്ത് 75,000 രൂപ നൽകി വരുന്നുണ്ട്.

ശ്രീമതി രാധാ രാഘവൻ: സർ, വയനാട് ജില്ലയിൽ 2002-2003 വർഷത്തിൽ ആദിവാസികൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വീട് നിർമ്മിച്ചതിൽ, പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിൽ നിർമ്മിച്ച 57 വീടുകളുണ്ട്. അതിൽ 20 വീടുകൾക്ക് സഹായധനം കൊടുത്തു. ബാക്കി 37 വീടുകൾക്ക് കൊടുത്തിട്ടില്ല. അത് എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഏതാനും ജില്ലകളിൽ പണി പൂർത്തിയായിട്ടും രൂപ കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീടില്ല; ഇപ്പോൾ വീട് നിർമ്മിക്കാൻ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വീടുകൾ വച്ചുകൊടുക്കാൻവേണ്ടി എത്രവർഷമെടുക്കും; അതിന് വളരെ കാലതാമസമുണ്ടാകുമെങ്കിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അടിയന്തിരമായി വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര ഗവൺമെന്റിന് മുൻപാകെ നിവേദനം നൽകി സംസ്ഥാന ഫണ്ടിനുപുറമെ ആവശ്യമായ അടിയന്തിര സഹായം നേടിയെടുക്കാൻ വല്ല ശ്രമവും നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമെന്താണ്?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഏതാണ്ട് 47,365 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അതുപോലെതന്നെ ഭൂരഹിതരായ, ഭവനരഹിതരായ പതിനെണ്ണായിരത്തോളം ആദിവാസി കുടുംബങ്ങളുമുണ്ട്. ഇവർക്കുവേണ്ടിയുള്ള വീട് നിർമ്മാണത്തിനുതന്നെയാണ് പ്രാധാന്യം കൊടുക്കുന്നത്. ഇപ്പോൾത്തന്നെ ഏകദേശം അയ്യായിരത്തോളം വീട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻവേണ്ടി തീരുമാനിച്ചിട്ടുണ്ട്. അടുത്തവർഷം അതിലും കൂടുതൽ വീട് കൊടുക്കാനുള്ള നടപടിയുണ്ടാകും. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിൽ ഇതേ ആവശ്യം നമ്മൾ ഉന്നയിച്ചിട്ടുണ്ട്; പരമാവധി സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടുതൽ കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ പദ്ധതികളെല്ലാംതന്നെ സ്വന്തമായി ഭൂമിയുള്ളവരെ കേന്ദ്രീകരിച്ചാണ്. ഇവരേക്കാൾ നിരാലംബരായ നിരവധി ആളുകൾ ഭൂരഹിതരായിട്ടുണ്ട്. അവരെക്കൂടി ഉൾപ്പെടുത്തി ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഭവനരഹിതരായ ആളുകൾക്ക് വീടുകൾ നൽകുന്നതൊടൊപ്പംതന്നെ ഭൂരഹിതർക്ക് ഭൂമിവാങ്ങാനുള്ള സഹായവും ഡിപ്പാർട്ടുമെന്റ് നൽകി വരുന്നുണ്ട്. ഈ വർഷംതന്നെ അതിനുവേണ്ടി 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. അടുത്ത വർഷവും കൂടുതൽ ആളുകൾക്ക് ഭൂമി വാങ്ങാനുള്ള സഹായം നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, മന്ത്രിയുടെ മറുപടി പ്രകാരംതന്നെ ഏതാണ്ട് 67,000 കുടുംബങ്ങൾക്കാണ് വീടില്ലാത്തത്. ഒരു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ഈ വിഭാഗത്തിനുവേണ്ടി തയ്യാറാക്കണം. ഒരുകാര്യം ബഹുമാനപ്പട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പലർക്കും കൈവശസർട്ടിഫിക്കറ്റും ആധാരവുമില്ല. അതുകൊണ്ട് വീടുവയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദിവാസി മേഖലയിലാണ് ഈ പ്രശ്നം ഏറ്റവും കൂടുതൽ കാണുന്നത്. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം അഞ്ച് സെന്റിന് താഴെ ഭൂമിയുണ്ടായാൽ അവർക്ക് വീട് നിർമ്മിക്കുന്നത് സംബന്ധിച്ച തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ഒരു പരിഹാരനടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. കെ. കെ. ഷാജു: സർ, പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പ് വീട് വയ്ക്കാൻ സഹായിക്കുന്നതുപോലെതന്നെ പട്ടികജാതി വികസന കോർപ്പറേഷൻ വീട് വയ്ക്കാൻ വായ്പയും മറ്റും കൊടുക്കുന്നുണ്ട്. ഏതാണ്ട് 15 വർഷങ്ങൾക്ക് മുൻപ് 3500 രൂപ ഒരു വീട് വയ്ക്കാനെന്നുള്ള നിലയിൽ വായ്പകൊടുത്ത് വച്ചിട്ടുള്ള വീടുകൾ പലതും ഇന്ന് വാസയോഗ്യമല്ല. കോർപ്പറേഷൻ ഇങ്ങനെ വച്ചുകൊടുത്തിട്ടുള്ള വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരെ വീടില്ലാത്തവരുടെ ലിസ്റ്റിൽപ്പെടുത്തി വീട് വച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. പത്തും ഇരുപതും വർഷങ്ങൾക്ക് മുൻപ് രണ്ടായിരവും മൂവായിരവും രൂപ വീടുകൾ വയ്ക്കുന്നതിനായി ഗ്രാന്റായി വാങ്ങിയെന്നുള്ള കാരണത്താൽ ഇന്ന് ലഭിക്കുന്ന 70,000 രൂപയുടെ വീടിനുവേണ്ടി അപേക്ഷ കൊടുക്കാനുള്ള അർഹതപോലും ഇവർക്കില്ല. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടുതന്നെ അതിന് നിശ്ചയിച്ച കാലയളവുവെച്ച് 15 വർഷങ്ങൾക്കപ്പുറത്ത് വാങ്ങിയിട്ടുള്ള ഇന്ന് വാസയോഗ്യമല്ലാത്ത വീടുകൾ ഉള്ള ആളുകൾക്കുകൂടി 70,000 രൂപയ്ക്ക് വീട് ലഭ്യമാക്കാൻ അവസരം നൽകുന്ന നടപടികൾ അടുത്ത വർഷം ഗവൺമെന്റ് സ്വീകരിക്കും.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, പല സ്ഥലങ്ങളിലും ഇവർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നത് വളരെ ദുർഘടമായ പ്രദേശങ്ങളിലാണ്. അപ്പോൾ ഭവനനിർമ്മാണ പദ്ധതിയോടനുബന്ധിച്ചുതന്നെ ഈ വീടുകളിൽ എത്താനുള്ള സൗകര്യമേർപ്പെടുത്താനുള്ള നടപടി ഇതിനോടനുബന്ധിച്ച് ചെയ്യാൻ കഴിയുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇതൊരു പ്രത്യേക പദ്ധതിയായിട്ടാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾതന്നെ ഇത്തരത്തിലുള്ള മേഖലകളിൽ റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്ക് ഗവൺമെന്റ് പല സഹായങ്ങളും നൽകിക്കൊണ്ടിരിക്കുന്നു. അതുപോലെ ഭൂമി നൽകുകയെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തീർച്ചയായിട്ടും ഇത്തരം കാര്യങ്ങളിൽ ചെയ്യാവുന്ന സഹായങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യാനുള്ള നടപടിയുണ്ടാകും.

ശ്രീ. എൻ. രാജൻ: സർ, ഭവനരഹിതരായിട്ടുള്ളവരുടെ അപേക്ഷകൾ സ്വീകരിക്കുന്നത് ബ്ലോക്ക് തലത്തിലുള്ള എസ്.സി. വികസന ഓഫീസർ വഴിയാണ്. അതുവഴി ജില്ലാ വികസന ഓഫീസിൽ എത്തും. അവിടെ 70 ശതമാനം നറുക്കെടുപ്പിലൂടേയും 30 ശതമാനം സ്പെഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയുമാണ് കൊടുക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ 55 വയസ്സ് കഴിഞ്ഞവരുടെ അപേക്ഷകൾ പരിഗണിച്ചിട്ടില്ല. അങ്ങനെ വല്ല നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ ആ നടപടി അവസാനിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികവർഗ്ഗ മേഖലയിൽ ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റെല്ലാ കാര്യങ്ങളിലും എല്ലാപേർക്കും കൊടുക്കുകയെന്നുള്ള തീരുമാനം തന്നെയാണുള്ളത്. അതിനുള്ള നിബന്ധനകൾക്കടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നുമാത്രമേയുള്ളു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, മറാത്തി സമുദായത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിയ സാഹചര്യത്തിൽ വീണ്ടും അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിദ്യാഭ്യാസ വകുപ്പിൽ അവർക്ക് ആനുകൂല്യങ്ങൾ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നടപ്പാക്കുന്ന ആനുകൂല്യങ്ങൾ ഭവനനിർമ്മാണ ആനുകൂല്യങ്ങളടക്കം നൽകുന്ന പദ്ധതികളെന്തെങ്കിലും ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.പി. അനിൽ കുമാർ: സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് പ്രയാസമുണ്ട്. പട്ടികവർഗ്ഗ ലിസ്റ്റിൽ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ഇപ്പോൾ നൽകുന്നുണ്ട്. പക്ഷെ ഇത്തരം ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ പ്രയാസമുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന ഭവന പദ്ധതിയുടെ തെരഞ്ഞെടുപ്പ് പ്രാകൃതമായ രൂപത്തിലാണ്. അപേക്ഷകരുടെ യോഗ്യത സംബന്ധിച്ച് പരിശോധിക്കാൻ യാതൊരു മാർഗ്ഗവുമില്ല. കിട്ടിയ ലിസ്റ്റനുസരിച്ച് നറുക്കെടുപ്പാണ്. ഇതുമാറ്റി ഗുണഭോക്താക്കളുടെ അർഹതയനുസരിച്ച് ഗ്രാമസഭകളിൽ ലിസ്റ്റുണ്ട്. അത് കൃത്യമായി അർഹത പരിഗണിക്കാനുള്ള ഒരു മാനദണ്ഡമാണ്. അപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇപ്പോൾ വളരെ സുതാര്യമായ രീതിയിലാണ് കാര്യങ്ങൾ നടത്തുന്നത്. 70 ശതമാനവും നറുക്കിട്ടാണ് എടുക്കുന്നത്. അതിനകത്ത് ഇപ്രാവശ്യം പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. കുടുംബശ്രീ അടിസ്ഥാനമാക്കിയുള്ള ക്ളേശഘടകങ്ങൾ നാലെണ്ണമെങ്കിലുമുള്ള അപേക്ഷകരെ മാത്രമേ നമ്മൾ പരിഗണിക്കുന്നുള്ളൂ. അതുംകഴിഞ്ഞ് 30 ശതമാനമെന്നു പറയുന്നത് മാറാരോഗം പിടിപെട്ടവർ, അവിവാഹിതരായ അമ്മമാർ, വിധവകൾ തുടങ്ങിയ പ്രത്യേകം നിർദ്ദേശം വച്ചിട്ടാണ് തെരഞ്ഞെടുക്കുന്നത്. വളരെ നല്ല രീതിയിലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതാത് സ്ഥലം എം.എൽ.എ-മാർ ഉൾപ്പെടെ പ്രത്യേക കമ്മിറ്റിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആ രീതിയിൽത്തന്നെ മുന്നോട്ടു പോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പറമ്പിക്കുളം വന്യമൃഗസംരക്ഷണ പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗത്തിന് വർഷങ്ങളായി വീട് നിർമ്മിക്കാൻ ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് പണം അനുവദിച്ചിട്ടുണ്ടെങ്കിലും അതിൽ ധാരാളം ക്രമക്കേടുകൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ സ്ഥലം സന്ദർശിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ വന്യമൃഗസംരക്ഷണകേന്ദ്രം ഉൾപ്പെട്ട പ്രദേശമായതുകൊണ്ട് വീട് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിന് നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപരിഹരിച്ച് കുറ്റമറ്റ രീതിയിൽ വീട് നിർമ്മാണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയും നിലവിലുള്ള സംവിധാനം പരിശോധിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. എ. പി. അനിൽ കുമാർ: തീർച്ചയായും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ പ്രത്യേക മേഖല എന്ന നിലയ്ക്ക് പ്രത്യേക താൽപ്പര്യം എടുത്തുകൊണ്ട് പരിശോധിക്കുന്നതാണ്.

ശ്രീ. എം. കുമാരൻ : സർ, പട്ടികജാതി/പട്ടികവർഗ്ഗ ഭവനനിർമ്മാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ, ക്രമക്കേടുകൾ പരിശോധിക്കുന്നതിനുവേണ്ടി മോണിറ്ററിംഗ് നടത്താറുണ്ടെന്ന് പറഞ്ഞു. എന്നാൽ ഒന്നും രണ്ടും ഗഡുക്കൾ നൽകി അടുത്ത ഘട്ടത്തിലേയ്ക്ക് എത്തുന്ന സമയത്ത്

ബന്ധപ്പെട്ട വകുപ്പിൽനിന്നും പലപ്പോഴും നിങ്ങളുടെ കാലാവധി കഴിഞ്ഞുപോയി എന്ന് പറയുന്നതായി പരാതിയുണ്ട്. ഇത്തരം പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അതാതു വർഷത്തിൽ തന്നെ അതാതു ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി ഭവന നിർമ്മാണത്തെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി മോണിറ്ററിംഗ് നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റ് വളരെ താൽപ്പര്യത്തോടുകൂടിയാണ് കാണുന്നത്. കൊടുക്കുന്ന ആനുകൂല്യം മുഴുവൻ ഗുണഭോക്താക്കൾക്ക് ലഭിക്കുവാനുള്ള എല്ലാ നടപടിയും ഇപ്പോൾ എടുത്തുകൊണ്ടിരിക്കുകയാണ്. 2002-2003-ൽ 13,000 വീടുകൾ അനുവദിച്ചു. ഏതാണ്ട് പൂർണ്ണമായും 85 ശതമാനവും നല്ല രീതിയിൽ തന്നെ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റപ്പെട്ട വളരെ കുറച്ചു സംഭവങ്ങൾ മാത്രമാണ് വന്നിട്ടുള്ളത്. അത്തരം സംഭവങ്ങളിൽ കർശനമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. മേലിലും ഗുണഭോക്താക്കൾക്ക് തന്നെ പൂർണ്ണമായി ലഭിക്കുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീട് ഉണ്ടാക്കി കൊടുക്കാനും മറ്റുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ അവരെ ഒരു പ്രത്യേക ഭാഗത്തുമാത്രമായി കുടിയിരുത്തുകയും അവരോട് എപ്പോഴും നിങ്ങൾ പട്ടികജാതിക്കാരാണ്, അവശൻമാരാണ്, ആർത്തൻമാരാണ് എന്ന നിലയിൽ പെരുമാറുകയും ചെയ്യുന്നത് മാറ്റിയിട്ട് അവരെ ഇതര ജനവിഭാഗങ്ങളുടെ ഇടയിൽ താമസിപ്പിക്കുവാനും ജീവിതത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനും ശ്രമിച്ചാൽ കൂടുതൽ നന്നായിരിക്കും എന്നാണ് അനുഭവം വ്യക്തമാക്കുന്നത്. മറ്റു ജനവിഭാഗങ്ങളുമായി ഇടപഴകി ജീവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ കൂടുതൽ ആരോഗ്യകരമായ ജീവിതം നയിക്കുന്നതായിട്ടും മാനസികമായി കൂടുതൽ കോൺഫിഡന്റ് ആയിട്ടും കാണപ്പെടുന്നുണ്ട്. ഒരു പരീക്ഷണാർത്ഥമെങ്കിലും അങ്ങനെ ചെയ്തുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കോളനിവൽക്കരണമാണ് ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് കഴിഞ്ഞ കാലത്തിൽനിന്നും വ്യത്യസ്തമായി കോളനികൾ സൃഷ്ടിക്കുകയും കോളനികൾ ഉണ്ടാക്കുകയും ചെയ്യുന്ന ഒരു സമീപനം മാറ്റി അവർ ഏത് പ്രദേശത്ത് ആയാലും അവർക്ക് ഭൂമി വാങ്ങുന്ന കാര്യത്തിൽ, കോളനികൾക്ക് പ്രത്യേക ആനുകൂല്യം എന്നതുമാറ്റിക്കൊണ്ട് പട്ടികജാതി കുടുംബങ്ങൾ എവിടെയായാലും അവർക്ക് കൂടുതൽ ആനുകൂല്യം നൽകാനുള്ള നടപടിയെടുക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 15-20-25 വർഷങ്ങൾക്ക് മുൻപ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ഭവന നിർമ്മാണത്തിനുവേണ്ടി നാമമാത്രമായ സംഖ്യയായിരുന്നു നൽകിയിരുന്നത്. ഇപ്പോഴാണ് അത് 70,000 രൂപയായി വർദ്ധിപ്പിച്ചത്. ആ കാലഘട്ടത്തിൽ നാമമാത്രമായ തുക നൽകിയ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ഇപ്പോഴത്തെ സ്കീമുകളിലുള്ള ഈ സഹായം ലഭ്യമാകുന്നില്ല. അതിന് ഒരു മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ നേരത്തേ പറഞ്ഞ മറുപടിയിൽ സൂചിപ്പിച്ചു. നിലവിലുള്ള ആനുകൂല്യങ്ങൾ 15 വർഷങ്ങൾ മുമ്പ് വാങ്ങിക്കഴിഞ്ഞ വരുടേത് വാസയോഗ്യമല്ലാത്ത വീടുകളാണെങ്കിൽ അവർക്ക് അടുത്ത വർഷം മുതൽ 70,000 രൂപയ്ക്ക് വീട് വയ്ക്കുന്ന പദ്ധതിപ്രകാരം അപേക്ഷിക്കാനുള്ള അർഹത ഉണ്ടാക്കുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാത്തുനിന്നും ഉണ്ടാകും.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിൽ ഇപ്പോൾ 50 വയസ് കഴിഞ്ഞിട്ടുള്ള അവിവാഹിതകളായ സഹോദരിമാർക്ക് എല്ലാവർക്കും പെൻഷൻ ഒരു ചെറിയ തുക കൊടുക്കുന്നുണ്ട്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർദ്ധനരും നിരാലംബരുമായിട്ടുള്ള അനേകം സഹോദരിമാർ സമൂഹത്തിലുണ്ട്. പണം ഇല്ലാത്തതുകൊണ്ടുതന്നെ വിവാഹം കഴിക്കാൻ പറ്റാത്ത അവസ്ഥയിലുള്ള സഹോദരിമാരുണ്ട്. അവരുടെ ലിസ്റ്റും ഉണ്ട്. അത് പരിഗണിച്ചുകൊണ്ട് നമ്മുടെ ഈ സഹോദരിമാർക്ക് പ്രത്യേക സ്ഥലവും അതിൽ വീടും വച്ചുകൊടുക്കാനുള്ള ഒരു പദ്ധതി അങ്ങ് നടപ്പിലാക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ആത്മാർത്ഥതയോടുകൂടി ചോദിച്ച ചോദ്യമാണ്. തീർച്ചയായും അത് പരിശോധിച്ചുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അടുത്ത വർഷം തന്നെ ചെയ്യാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഭവനനിർമ്മാണത്തിനുള്ള ധനസഹായം കഴിഞ്ഞ ഒന്നുരണ്ട് ആഴ്ചക്കുള്ളിലാണ് വിതരണം ചെയ്തത്. വളരെ സുതാര്യമായ നറുക്കെടുപ്പും കാര്യങ്ങളും ഒക്കെ പുതിയതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതിൽ പ്രത്യേകമായി മന്ത്രിയെ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, ഈ ഭവനസഹായ പദ്ധതികൾ വാങ്ങിയെടുക്കുന്ന പല സുഹൃത്തുക്കൾക്കും ഒരുപക്ഷേ സാമ്പത്തികമായിട്ട് ബുദ്ധിമുട്ടുണ്ടാകാം. ഈ പണം പൂർണ്ണമായും അവർ വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങനെ വരുമ്പോൾ വീട് നിർമ്മാണം പൂർത്തിയാകുകയുമില്ല. മറ്റു സ്ഥലങ്ങളിൽനിന്ന് സഹായം കിട്ടാതെയും വരുന്നു. അതുകൊണ്ട് ഈ പണം പൂർണ്ണമായും ഉപയോഗിച്ച് അവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലപ്പോഴും നൽകുന്ന പണം മറ്റു രീതിയിൽ ചെലവഴിക്കുന്നതുകൊണ്ട് പല സ്ഥലങ്ങളിലും വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ

ഓരോ ഘട്ടവും പൂർത്തീകരിച്ചതിനുശേഷം മാത്രമേ അടുത്ത ഗഡു പണം അനുവദിക്കാൻ പാടുള്ളൂ എന്ന് ഗവൺമെന്റ് വളരെ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും അത്തരം കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കും.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, 2002-2003 സാമ്പത്തിക വർഷം ഒടുവിൽ പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായം 42,000 രൂപയിൽനിന്നും 75,000 രൂപയായിട്ട് ഉയർത്തിയപ്പോൾ എന്റെ നിയോജക മണ്ഡലത്തിലെ അരയിക്കാപ്പ്, വെട്ടിച്ചുടുകാട്, അടിച്ചിത്തൊട്ടി തുടങ്ങിയ കോളനികളിൽ ആ വർഷം അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് 42,000 രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ. അവർക്ക് അർഹതപ്പെട്ട ബാക്കി തുകകൂടി ഉടൻ വിതരണം ചെയ്യുന്നതിന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബഹുജനസമ്പർക്ക പരിപാടിയിൽ അതിനനുസൃതമായ റിപ്പോർട്ട് ഉണ്ടാക്കിയിട്ടും സാധിച്ചിട്ടില്ല. അർഹതപ്പെട്ടവർക്ക് ബാക്കി തുകകൂടി കൊടുക്കാൻ വേണ്ട നടപടി പെട്ടെന്ന് സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജക മണ്ഡലത്തിൽ വീടുകൾ വച്ചുകൊടുക്കാൻ തീരുമാനിച്ചപ്പോൾ അന്ന് നിലവിലുണ്ടായിരുന്ന ആനുകൂല്യം 42,000 രൂപ മാത്രമായിരുന്നു. പിന്നീടാണ് ആ തുക വർദ്ധിപ്പിച്ചത്. ഏതായാലും അങ്ങ് ഇവിടെ സൂചിപ്പിച്ച സാഹചര്യത്തിൽ അതിൽ എന്തുചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കഴിഞ്ഞ രണ്ടു കൊല്ലമായി ഞങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും മാറ്റപ്പെട്ട ആദിവാസി വിഭാഗത്തിന് 2001-2002-ൽ 384 വീടുകളും 2002-2003-ൽ 50 വീടുകളും അങ്ങനെ ആകെ 434 വീടുകൾ നൽകിയിരുന്നു. അവർക്ക് ഒരു ഗഡു മാത്രമാണ് കൊടുത്തത്. വീടുകൾ പലതും പൂർത്തിയാക്കാൻ കഴിയാതെ അവർ പെരുവഴിയിലാണ്. പഞ്ചായത്ത് പണം കൊടുക്കണമെന്ന് ജില്ലാ ഭരണകൂടം ആവശ്യപ്പെടുകയാണ്. പണം കൊടുക്കാൻ പഞ്ചായത്തുകൾക്ക് പറ്റുന്നില്ല. 49,62,300 രൂപ ഉണ്ടായാൽ മാത്രമേ വീടിന്റെ ഗഡുക്കൾ തീർക്കാൻ കഴിയുകയുള്ളൂ. അത്രയും തുക പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പ് കൊടുത്ത് ഈ വീട് നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ സഹായം ചെയ്യുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികവർഗ്ഗ വിഭാഗത്തിൽ ഏതാണ്ട് 1158 വീടുകൾ വിവിധ ഘട്ടങ്ങളിലായി പണി പൂർത്തിയാക്കാൻ കഴിയാതെ നിൽക്കുകയാണ്. അത് പല കാരണങ്ങൾ കൊണ്ടുള്ളതാണ്. ചിലത് സാമ്പത്തികസഹായം നൽകാൻ കഴിയാത്തതാണ്. അതിന് 1,41,00,000 രൂപയാണ് മൊത്തം കേരളത്തിൽ ആവശ്യമായി വരുന്നത്. തീർച്ചയായിട്ടും അത് എത്രയും പെട്ടെന്ന് അനുവദിച്ച് വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പട്ടികജാതി വകുപ്പിൽനിന്നും മാത്രമല്ല, മറ്റ് വകുപ്പുകളിൽനിന്നു ഭവനനിർമ്മാണ പദ്ധതികൾ നടത്തുന്നുണ്ട്. പക്ഷേ പട്ടികജാതി വകുപ്പിൽനിന്നും 70,000 രൂപ കൊടുക്കുമ്പോൾ മറ്റുവിഭാഗങ്ങൾ 35,000 രൂപയാണ് കൊടുക്കുന്നത്. അതുകൊണ്ട് അവിടെ ടേക്കേഴ്സ് കുറയുന്നു. അതുകൊണ്ട് അങ്ങ് മുൻകൈയെടുത്ത് മറ്റു വകുപ്പുകളുമായും കേന്ദ്ര ഗവൺമെന്റുമായും ചർച്ചചെയ്ത് പട്ടികജാതി വികസന വകുപ്പ് നൽകുന്ന മാതൃകയിൽ തന്നെ ആ തുക മറ്റു ഭവനനിർമ്മാണ പദ്ധതികൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടായാൽ കുറച്ചുകൂടി വേഗതയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുണ്ടാക്കാൻ കഴിയും. അതിനുവേണ്ടി മുൻകൈയെടുത്ത് പ്രവർത്തനം നടത്തുമോ?

ശ്രീ. എ. പി. അനിൽ കുമാർ: ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പട്ടികജാതി വികസന വകുപ്പ് 70,000 രൂപയാണ് നൽകുന്നത്. പക്ഷേ ത്രിതല പഞ്ചായത്തുകൾ തദ്ദേശഭരണ വകുപ്പിലൂടെ നൽകുന്നത് 50,000 രൂപയാണ്. 50,000 രൂപയും 70,000 രൂപയും എന്ന വ്യത്യാസം സ്വാഭാവികമായും ആളുകൾക്ക് പ്രയാസമുണ്ടാക്കുന്ന ഒന്നാണ്. തീർച്ചയായും അങ്ങ് സൂചിപ്പിച്ചതുപോലെ തദ്ദേശഭരണ വകുപ്പ് ആസൂത്രണകമ്മീഷനുമായി ബന്ധപ്പെട്ട് തീർച്ചയായും ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കുന്നതാണ്.

ശ്രീ. കെ. ബാബു: സർ, പാർപ്പിടത്തോടൊപ്പം തന്നെ അവർക്ക് സ്ഥലം വാങ്ങിക്കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നമ്മുടെ പഞ്ചായത്തുകളിലേയും നമ്മുടെ സംസ്ഥാനത്തേയും ഭൂമിയുടെ വിലയനുസരിച്ച് ഒരു സ്ഥലത്തും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങിക്കൊടുക്കൻ സാധിക്കാത്ത സ്ഥിതിയാണ് എല്ലാ പഞ്ചായത്തുകളിലും ഉള്ളത്. ഇക്കാര്യം പ്രായോഗികമായി പരിശോധിച്ചുകൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഭവന വായ്പയുടെ കാര്യത്തിൽ കാലോചിതമായി ഒരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇവിടെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തുകൾ 19,500 രൂപയാണ് ഭൂമി വാങ്ങാൻ വേണ്ടി കൊടുക്കുന്നത്. മൂന്നു സെന്റ് ഭൂമിയാണ് നമ്മൾ ഏറ്റവും കുറഞ്ഞത് ആവശ്യപ്പെടുന്നത്. നമുക്കറിയാം ഇന്ന് കേരളത്തിൽ ഓരോ പ്രദേശത്തും ഭൂമിക്ക് വലിയ വിലയാണ്. പക്ഷേ കാലോചിതമായ ഒരു മാറ്റം ഭൂമി വാങ്ങുന്ന കാര്യത്തിൽ, തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടില്ല. തീർച്ചയായിട്ടും അടുത്ത വർഷം മുതൽ അതിന് ഒരു മാറ്റം ഉണ്ടാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലത്തിൽ താമരശ്ശേരിയിൽ പത്തു പതിനെട്ട് വർഷമായി നിലനിൽക്കുന്ന ഒരു ട്രൈബൽ ഓഫീസ് ഉണ്ടായിരുന്നു. ദുർബ്ബല വിഭാഗക്കാരായ പട്ടികവർഗ്ഗക്കാർക്ക് ഏറെ ആശ്വാസം പകർന്നിരുന്ന ആ ഓഫീസ് ഒരു സുപ്രഭാതത്തിൽ അവിടെ കാണാതായി. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്ന കാര്യമാണ്. ഗ്രാമപഞ്ചായത്തോ ജനപ്രതിനിധികളോ ആരും അറിയാതെയാണ് പത്തു, പതിനെട്ട് വർഷങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം മാറ്റിയിട്ടുള്ളത്. അത് തിരിച്ചുകൊണ്ടുവരുന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു, അങ്ങ് അത് പരിഹരിക്കാം എന്നുപറഞ്ഞിരുന്നു, ആ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രസ്തുത ഓഫീസ് കോഴിക്കോട് ജില്ലാ ആസ്ഥാനത്തേക്കാണ് മുമ്പ് മാറ്റിയിരുന്നത്. പക്ഷെ അതിനെക്കുറിച്ച് ഒരു തർക്കം ഇന്ന് ഹൈക്കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട് അതിൽ പ്രത്യേകമായ തീരുമാനം എടുക്കുന്നതിന് ഹൈക്കോടതിയുടെ വിധി വരുന്നതുവരെ കാത്തിരിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ലക്ഷംവീടുകളുടെ പുനർനിർമ്മാണം നമ്മൾ എപ്പോഴും ചർച്ചചെയ്യപ്പെടുന്ന പ്രശ്നമാണ്. ഗവൺമെന്റ് തന്നെ ഇക്കാര്യത്തിൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിൽ പകുതി പൈസ ഗവൺമെന്റും പകുതി പൈസ സന്നദ്ധ സംഘടനകളും പഞ്ചായത്തുകളും എന്നുള്ള നിലയ്ക്കാണ് ഇപ്പോൾ ഒരു നിർദ്ദേശം വന്നിരിക്കുന്നത്. ഇത് പ്രായോഗികമായി നടപ്പിലാക്കുന്നതിന് ഒരുപാട് പ്രയാസങ്ങൾ ഉണ്ട്. അതുകൊണ്ട് പഞ്ചായത്തുകളെ സംബന്ധിച്ച് ഈ പകുതി പൈസ വകയിരുത്തുന്നതിനാവശ്യമായ കർശനമായ നിർദ്ദേശം നൽകുമോ; അല്ലെങ്കിൽ സന്നദ്ധ സംഘടനകളെ ഇക്കാര്യത്തിൽ ബന്ധപ്പെടുത്തുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ; അത്തരത്തിൽ, ഗവൺമെന്റ് ആഗ്രഹിക്കുന്ന തരത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇത് പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തുന്നതല്ല. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ആലോചിച്ച് ഗവൺമെന്റ് ചെയ്യാവുന്ന കാര്യങ്ങൾ പരമാവധി ചെയ്യാൻ ശ്രമം ഉണ്ടാകും.

ശ്രീ. എം. എ. വാഹീദ്: സർ, സംസ്ഥാനത്ത് ഭവനസഹായ പദ്ധതിപ്രകാരം ആദ്യമായി നടത്തിയ ഭവനനിർമ്മാണ പദ്ധതികളിൽ ഒന്നാണ് എന്റെ നിയോജകമണ്ഡലത്തിലെ തോന്നയ്ക്കൽ പട്ടികജാതി സെറ്റിൽമെന്റ് കോളനി. അവിടെ ആയിരത്തോളം കുടുംബങ്ങൾ ഇപ്പോൾ താമസിക്കുകയാണ്. 1970-ലാണ് വീടുകൾ വച്ചുകൊടുത്തത്. അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്കു വേണ്ടിയാണെന്നു പറഞ്ഞാണ് കൊടുത്തത്. അതിൽ പലരും തൊഴിൽരഹിതരാണ്. ഈ കെട്ടിടം മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാനായി എന്തെങ്കിലും ഫണ്ട് ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി നൽകാൻ കഴിയുമോ; ആ സ്ഥലം സന്ദർശിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. എ. പി. അനിൽകുമാർ: സർ, മെയിന്റനൻസിനുള്ള പണം ഡിപ്പാർട്ടുമെന്റ് ഇപ്പോൾ നൽകുന്നില്ല. ഇപ്പോൾ അത് നൽകിക്കൊണ്ടിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അടുത്തവർഷം മുതൽ അത്തരം കാര്യങ്ങൾകൂടി ചെയ്യണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുകയാണെങ്കിൽ തീർച്ചയായും ഏതു പ്രദേശത്തായാലും പോയി കാണുവാനും സന്ദർശിക്കുവാനും ഗവൺമെന്റിന് മടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: സർ, ശാസ്ത്രീയമായ മാനദണ്ഡങ്ങൾ വേണ്ടത്ര വികസിതമാകാതിരുന്ന ഒരു പഴയ കാലഘട്ടത്തിലാണ് അവശരും അസംഘടിതരുമായ മനുഷ്യ സമൂഹങ്ങളെ പട്ടികജാതി/പട്ടികവർഗ്ഗമായി വേർതിരിച്ചത്. അതുകൊണ്ടുതന്നെ കണ്ടെഴുത്തു പിള്ളമാരുടെയും കണക്കെടുപ്പുകാരുടെയും കണ്ണിൽപ്പെടാതെ കാട്ടിനുള്ളിൽ കഴിഞ്ഞിരുന്ന പല ജനസമൂഹങ്ങളും ഒരു ലിസ്റ്റിലുംപെടാതെ കിടക്കുകയാണ്. അതുപോലെ ശൂദ്രർ, വേടർ എന്നൊക്കെ അറിയപ്പെടുന്ന സമൂഹങ്ങൾ നരവംശ ശാസ്ത്ര പഠനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിൽപ്പെടാൻ അർഹതയുണ്ടായിട്ടും അവർ പട്ടികജാതിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് കേന്ദ്ര ധനസഹായം പോലും നമുക്ക് വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല. പലർക്കും ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനും കഴിയുന്നില്ല. ഒരു മനുഷ്യ സ്നേഹിയായ മന്ത്രി എന്നുള്ള നിലയിൽ നരവംശ ശാസ്ത്ര പഠനങ്ങൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി ചെയ്യാനുള്ള സത്വരമായ നടപടികൾക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട കാര്യം തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ഇപ്പോൾ വേടർ സമുദായത്തിന്റെ പ്രശ്നം സജീവമായി തിരുവനന്തപുരത്ത് നിലനിൽക്കുന്ന ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് നേരത്തെ തന്നെ വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന നിലപാടും അതിനുള്ള ശുപാർശയും നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷവും ഡൽഹിയിൽപോയി അതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ, യഥാർത്ഥത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുത്തേണ്ടവരെ പട്ടികവർഗ്ഗ വിഭാഗത്തിലും പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ടവരെ അതിലും ഉൾപ്പെടുത്തണമെന്ന നിലപാട് തന്നെയാണ് ഗവൺമെന്റിന്റെ ഭാഗത്തുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായിരിക്കുമ്പോൾ 117,000 വീടുകളാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു വേണ്ടി കൊടുത്തത്. അതിനുശേഷം കൊടുത്തിട്ടുള്ള വീടുകളുടെ കൂടി കണക്കുകൾ എടുത്തിട്ട് ഇനി വീട് കിട്ടാനുള്ള മൊത്തം ആളുകളുടെ കണക്ക് ഒന്ന് തിട്ടപ്പെടുത്തുകയും അവർക്ക് സമയബന്ധിതമായി വീട് കിട്ടാനുള്ള ഒരു കർമ്മ പരിപാടിക്ക് രൂപം കൊടുക്കാനും അങ്ങ് തയ്യാറാകുമോ; അതുപോലെതന്നെ കഴിഞ്ഞ രണ്ടുവർഷം നടന്ന ഈ പദ്ധതിയുടെ നടത്തിപ്പിലുള്ള ക്രമക്കേടുകളിൽ ചില സ്ഥലങ്ങളിൽ അന്വേഷണം നടക്കുന്നില്ല എന്ന് അങ്ങയുടെ മറുപടി ഇവിടെ വ്യക്തമാക്കുകയുണ്ടായി. മുൻകാലയളവിൽ, ആ രണ്ടുവർഷക്കാലത്ത്, ഈ സംസ്ഥാനത്ത് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ടുണ്ടായ എല്ലാ അഴിമതികളേയും സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണത്തിന് ഉത്തരവിടാൻ അങ്ങ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇതുവരെ, ആനുകൂല്യങ്ങൾ നൽകിയിട്ടും ഇനിയും വീട് ലഭിക്കാത്ത ആളുകളുടെ കുടുംബങ്ങളെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നിലവിലുള്ള കണക്കനുസരിച്ച് അത് ഏതാണ്ട് 50,000-ത്തിനടുത്തോളം വരും. സ്വാഭാവികമായിട്ടും ത്രിതല പഞ്ചായത്തുകളും സംസ്ഥാന ഗവൺമെന്റും ഒരുമിച്ച് നീങ്ങിക്കഴിഞ്ഞാൽ രണ്ടോ, മൂന്നോ വർഷങ്ങൾ കൊണ്ട് പൂർണ്ണമായിട്ടും സമ്പൂർണ്ണ ഭവന പദ്ധതി എന്നുള്ള ഒരു ആശയം നടപ്പിലാക്കാൻ ഗവൺമെന്റും ത്രിതല പഞ്ചായത്തും വിചാരിച്ചാൽ കഴിയും എന്നാണ് എനിക്ക് തോന്നുന്നത്. രണ്ടാമത്തെ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചു, ഒറ്റപ്പെട്ട ചില കാര്യങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഒറ്റപ്പെട്ട ചില ഉദ്യോഗസ്ഥൻമാർ നടത്തുന്ന കാര്യങ്ങളെക്കുറിച്ച് ജനറലൈസ് ചെയ്തുകൊണ്ട് പറയാൻ കഴിയില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾ വരുമ്പോൾ തീർച്ചയായിട്ടും കർശനമായ നടപടികൾ എടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ കാലത്തും എടുത്തിട്ടുണ്ട്, ഇപ്പോൾ എന്തെങ്കിലും പ്രത്യേകമായുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ അതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുക്കും എന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, ഭവന പദ്ധതിപ്രകാരം കൊടുക്കുന്ന വീടുകളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തുകളുടെ ഗ്രാമസഭ തയ്യാറാക്കാനും അതിൽനിന്ന് നറുക്കെടുപ്പു നടത്താനും തുനിഞ്ഞാൽ അതിനെക്കുറിച്ചുള്ള ആക്ഷേപം കുറയുകയില്ലേ?

ശ്രീ. എ. പി. അനിൽകുമാർ: സർ, വീടുകളുടെ ലിസ്റ്റ് എടുക്കുന്ന കാര്യത്തിൽ പറയത്തക്ക ആക്ഷേപം നിലവിലില്ല. പലപ്പോഴും നമ്മൾ ഉദ്ദേശിക്കുന്ന സമയത്ത് ഗ്രാമസഭകളുടെ ലിസ്റ്റ് കിട്ടാതെ പല കാര്യങ്ങളിലും ബുദ്ധിമുട്ട് വരും. അതുകൊണ്ട് വളരെ സൂതാര്യമായിട്ട് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള കമ്മിറ്റിയിൽ നിന്ന് നറുക്കിട്ടെടുത്താണ് ആളുകളെ തീരുമാനിക്കുന്നത്. ആ തീരുമാനത്തിന്റെ കാര്യത്തിൽ പ്രത്യേക ആക്ഷേപങ്ങൾ വന്നതായിട്ട് എവിടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകൾ മുഖേനയാണ് ഈ ഭവന പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗത്തിന് നടപ്പാക്കിയിരുന്നത്. അങ്ങനെ നടപ്പാക്കിയപ്പോൾ യാതൊരു വിധത്തിലുള്ള ആക്ഷേപത്തിനും ഇടവന്നിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പഞ്ചായത്തുകളിൽ നിന്നും തിരിച്ചെടുത്ത് ഗവൺമെന്റ് നടപ്പിലാക്കാൻ പുറപ്പെട്ടപ്പോഴാണ് ധാരാളം പരാതികൾ വന്നതും മുഴുവൻ തുക ചെലവാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായതും. ഈ ഒരു സ്ഥിതി പരിഗണിച്ച് വീണ്ടും ഇത് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ, ഇത് പഞ്ചായത്തുകൾക്ക് തിരിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ച്, ആലോചിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഈ ഒരു ചോദ്യം ചോദിച്ചത് ചെറിയ ചില തെറ്റിദ്ധാരണകളുടെ അടിസ്ഥാനത്തിലാണ്. നിലവിൽ പഞ്ചായത്തുകൾക്ക് കൊടുത്തിരുന്ന ഒരു അധികാരവും സംസ്ഥാന ഗവൺമെന്റ് തിരിച്ചുപിടിച്ചിട്ടില്ല. പഞ്ചായത്തുകൾ കൊടുക്കുന്നതിനു പുറമേയാണ് സംസ്ഥാന ഗവൺമെന്റ് പട്ടികജാതി വികസന വകുപ്പിന് നൽകുന്നത്. പഞ്ചായത്തുകൾക്ക് നൽകിയ ഒരു അധികാരവും തിരിച്ചുപിടിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുമില്ല.

ഗ്രാമസഭകളുടെയും വാർഡുസഭകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*2 [510] ശ്രീ. എം. എം. ഹസ്സൻ:
" എൻ. ഡി. അപ്പച്ചൻ:
" ഡി. സുഗതൻ:
" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളായ ഗ്രാമസഭകളുടെയും, വാർഡുസഭകളുടെയും പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ,

(എ) ഉണ്ട്.

(ബി) ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും പ്രവർത്തനം മന്ദീഭവിക്കാനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാത്രമായിട്ടാണ് ഗ്രാമസഭ കൂടുന്നത് എന്ന ധാരണ.
2. ഗ്രാമസഭയുടെയും വാർഡ് സഭകളുടെയും പ്രവർത്തനങ്ങളെയും അധികാരങ്ങളെയും കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കാത്തതുകൊണ്ട്.
3. ഗ്രാമസഭ/വാർഡ് സഭ നടത്തുന്നതിനുള്ള മുൻ ഒരുക്കങ്ങളും, പ്രചരണങ്ങളും ശരിയായ രീതിയിൽ നടത്താത്തതുകൊണ്ട് ഇത് ഒരു ചടങ്ങായി മാറുന്നു.
4. ഗ്രാമസഭ/വാർഡ് സഭ വൈകുന്നേരം 6 മണിക്കുമുമ്പേ കൂടണമെന്നുള്ള നിബന്ധന മൂലമുള്ള അസൗകര്യം.
5. ചില സ്ഥലങ്ങളിലെ മെമ്പർമാരുടെ താൽപ്പര്യക്കുറവ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[18-3-2005-ലെ *1(509)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

2001-2002 വർഷം അനുവദിച്ചതും പൂർത്തിയായതുമായ വീടുകൾ (ഒരു വീടിന് ധനസഹായം 35000 രൂപ)

	ജില്ല		അനുവദിച്ച വീടുകൾ	പൂർത്തിയായ വീടുകളുടെ എണ്ണം	പൂർത്തിയാകാത്ത വീടുകളുടെ എണ്ണം	പൂർത്തിയാകാത്തവയുടെ സ്റ്റേജ്			ആകെ ചിലവായ തുക
						1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു	
1	തിരുവനന്തപുരം	..	303	272	31	1	7	23	
2	പത്തനംതിട്ട	..	143	124	19	..	..	19	
3	കൊല്ലം	..	195	162	33	3	12	18	
4	ആലപ്പുഴ	..	381	243	138	6	40	92	
5	കോട്ടയം	..	445	390	55	6	11	38	
6	ഇടുക്കി	..	350	342	8	3	5	..	
7	എറണാകുളം	..	473	374	99	12	20	67	12,55,51,000
8	തൃശ്ശൂർ	..	..	..	..	..	..	..	
9	പാലക്കാട്	..	400	368	32	6	9	17	
10	മലപ്പുറം	..	124	101	23	1	5	17	
11	കോഴിക്കോട്	..	356	295	61	4	7	50	
12	വയനാട്	..	195	189	6	2	1	3	
13	കണ്ണൂർ	..	210	167	43	6	10	27	
14	കാസർഗോഡ്	..	400	345	55	3	8	44	
	ആകെ	..	3975	3372	603	53	135	415	

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (a)

2002-2003 വർഷം അനുവദിച്ചതും പൂർത്തിയായതുമായ വീടുകൾ
(ഒരു വീടിന് ധനസഹായം 70,000 രൂപ)

	ജില്ല		അനുവദിച്ച വീടുകൾ	പൂർത്തിയായ വീടുകളുടെ എണ്ണം	പൂർത്തിയാകാത്ത വീടുകളുടെ എണ്ണം	പൂർത്തിയാകാത്ത വയുടെ സ്റ്റേജ്			ആകെ ചിലവായ തുക
						1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു	
1	തിരുവനന്തപുരം	..	1135	987	148	4	12	132	
2	പത്തനംതിട്ട	..	636	466	170	..	8	162	
3	കൊല്ലം	..	841	808	33	3	12	18	
4	ആലപ്പുഴ	..	1213	755	458	19	92	347	
5	കോട്ടയം	..	578	413	165	8	37	120	
6	ഇടുക്കി	..	617	587	30	..	3	27	
7	എറണാകുളം	..	1549	1385	164	9	26	129	89,46.80,500
8	തൃശ്ശൂർ	..	1379	1129	250	5	44	201	
9	പാലക്കാട്	..	1120	957	163	17	32	114	
10	മലപ്പുറം	..	1274	1148	126	1	10	115	
11	കോഴിക്കോട്	..	1010	775	235	3	14	218	
12	വയനാട്	..	253	236	17	3	7	7	
13	കണ്ണൂർ	..	1221	930	291	5	32	254	
14	കാസർഗോഡ്	..	574	482	92	3	11	78	
	ആകെ	..	13400	11058	2342	80	340	1922	

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (b)

2004-2005 വർഷം അനുവദിച്ച വീടുകളുടെ എണ്ണം

	ജില്ല		അനുവദിച്ച വീടുകളുടെ എണ്ണം	അനുവദിച്ച തുക
1	തിരുവനന്തപുരം	..	357	1,12,45,500
2	പത്തനംതിട്ട	..	156	49,14,000
3	കൊല്ലം	..	309	97,33,500
4	ആലപ്പുഴ	..	192	60,48,000
5	കോട്ടയം	..	144	45,36,000
6	ഇടുക്കി	..	153	48,19,500
7	എറണാകുളം	..	252	79,38,000
8	തൃശ്ശൂർ	..	339	1,06,78,500
9	പാലക്കാട്	..	420	1,32,30,000
10	മലപ്പുറം	..	273	85,99,500
11	കോഴിക്കോട്	..	192	60,48,000
12	വയനാട്	..	30	9,45,000
13	കണ്ണൂർ	..	96	30,24,500
14	കാസർഗോഡ്	..	87	27,40,500
	ആകെ	..	3000	9,45,00,000

LIBRARY ARCHIVES Kerala Legislative Assembly